# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3970 11/11/2019-ൽ മറുപടിയ്ക്ക്**

## വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.വി.വിജയദാസ്<br>,, എസ്.രാജേന്ദ്രൻ<br>,, മുരളി പെരുനെല്ലി | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) വനിതകളുടെ ക്ഷേമത്തിനായി, അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ സഹായം നൽകുന്ന '**അഭയകിരണം**', 55 വയസ്സിന് താഴെപ്രായമുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിധവകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന "**സഹായഹസ്തം**", 3 ലക്ഷം രൂപവരെ വരുമാനമുള്ള വനിതകൾ, ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ, സർക്കാർ എയ്ഡഡ് കോളേജുകളിൽ, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പഠനത്തിന് ധനസഹായം നൽകുന്ന " **പടവുകൾ**", കുടുംബനാഥൻ രോഗിയായി കിടപ്പിലാകുകയോ, മരിക്കുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് പരമാവധി 50,000/- രൂപവരെ സഹായം നൽകുന്ന 'അതിജീവിക പദ്ധതി', സ്ത്രീ ശാക്തീകരണത്തിനുള്ള ബോധവൽക്കരണ പരിപാടി ' **സധൈര്യം മുന്നോട്ട്** ' സ്ത്രീകളിലെയും കുട്ടികളിലെയും പോഷണമില്ലായ്മ ഇല്ലാതാക്കുന്നതിനുള്ള സമ്പുഷ്ട കേരളം പദ്ധതി (നാഷണൽ ന്യൂട്രീഷൻ മിഷൻ) പ്രധാനമന്ത്രി മാതൃവന്ദന യോജന തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കുട്ടികളുടെ ക്ഷേമത്തിനായി സ്കൂളുകളിൽ നടപ്പാക്കുന്ന ' **ഔവർ റെസ്പോൺസിബിലിറ്റി ടു** |

| | | | |
|---|---|---|---|
| | | | ചിൽഡ്രൻ' (ഓ.ആർ.സി), ബാലവേല, ബാലഭിക്ഷാടനം, കുട്ടിക്കടത്ത് എന്നിവക്ക് വിധേരാകുന്നവർ, സ്കൂൾ പഠനം മുടങ്ങിയവർ തുടങ്ങിയ കുട്ടികളുടെ രക്ഷയ്ക്കായി, ' **ശരണ ബാല്യം**', കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായുള്ള **'കരുതൽ സ്പർശം,'** നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മന:ശാസ്ത്രപരമായി പിന്തുണ നൽകുന്ന ' **കാവൽ**'. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ സ്വന്തം കുടുംബത്തിലെ ഉറ്റ ബന്ധുകൾക്ക് സംരക്ഷണ ചുമതല നൽകുന്ന ' **കിൻഷിപ്പ് ഫോസ്റ്റർ കെയർ** ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ സൗകര്യമൊരുക്കുന്ന എന്റെ കൂട് പദ്ധതി നിലവിൽ എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (ബി) | എന്റെ കൂട് പ്രകാരമുള്ള സ്ഥാപനങ്ങൾ കോഴിക്കോട് കസബ പോലീസ് സ്റ്റേഷന് സമീപവും, തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ കെ. റ്റി. ഡി. എഫ്. സി കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകളുടെ സമഗ്രമായ വികസനവും ക്ഷേമവും ലക്ഷ്യമാക്കി ആദിവാസി ഊരുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ട് കൊണ്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ നാല് ആദിവാസി ഊരുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ' **വനമിത്ര** ' പദ്ധതിയുടെ ഭാഗമായി നാല് ഊരുകളിലെ ആദിവാസി വനിതകൾക്കും വിദ്യാർത്ഥിനികൾക്കും നൈപുണ്യ വികസനം , ആരോഗ്യം വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഒന്നര വർഷക്കാലമായി വിവിധങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിനായി കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർമാർ, മഹിളാ പ്രധാൻ | (ഡി) | സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാ-തിരിക്കാനുള്ള പ്രതിരോധ നടപടികൾ |

ഏജന്റുമാർ , ജനമൈത്രി പോലീസ് തുടങ്ങിയവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്ന പേരിൽ കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാ വർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേ-ഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത അഞ്ച് പഞ്ചായത്തുകളുടെ 5 വാർഡ് തെരെഞ്ഞെടുത്ത് ഇത്തരത്തിൽ 70 പഞ്ചായത്തുകളിലെ 35 വാർഡുകളിൽ പൈലറ്റടിസ്ഥാനത്തിൽ " കൈത്താങ്ങ് " കർമ്മസേന രൂപീകരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഓരോ വാർഡിലേയും ശിഥില കുടുംബങ്ങൾ, പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള കുടുംബങ്ങൾ, മദ്യപാനം/മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമുള്ള കുടുംബങ്ങൾ എന്നിവ കണ്ടെത്തുകയും ഈ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ